ഓടിപ്പിക്കുന്നതിന് ആവശ്യമായ സ്പെയർപാർട്ടുകൾ ലഭ്യമാക്കുവാനും അതുപോലെ തന്നെ പുതിയ ബസ്സുകൾ വാങ്ങി റോഡിലിറക്കുന്നതിനും യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് ശ്രമിക്കുന്നത്. പുതിയതായി ഓപ്പറേറ്റിംഗ് സെൻറുകളോ സബ് ഡിപ്പോകളോ തുടങ്ങുന്നത് സ്ഥലത്തെ പഞ്ചായത്തോ അല്ലെങ്കിൽ നാട്ടുകാരുടെ കമ്മിറ്റിയോ സ്ഥലം സംഭാവനയായി തരുകയും കെട്ടിടം നിർമ്മിച്ച് തരുകയും ചെയ്താൽ മാത്രമാണ്. അങ്ങനെയുള്ള കണ്ടീഷൻസ് സാറ്റീസ്ഫൈ ചെയ്താൽ മാത്രമേ അതിനു നിർവ്വാഹമുള്ളൂ. കൈയിൽക്കിട്ടുന്ന റവന്യൂ റിസോഴ്സസ് ഉപയോഗിച്ചുകൊണ്ട് കൂടുതൽ ബസ്സുകൾ ലഭ്യമാക്കി ഓടിക്കുവാനുള്ള ശ്രമത്തിലാണ്. തീർച്ചയായും നേരത്തെ കെ. എസ്. ആർ. ടി. സി.ക്ക് വടക്കാഞ്ചേരിക്കാരോട് ഒരു കമിറ്റ്മെൻറ് - ഉണ്ട്. തീർച്ചയായും ആ കമിറ്റുമെൻറ് പുനഃപരിശോധിക്കുന്നതാണ്.

(5) ഐ. ടി. സി. കളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, കേരളത്തിലെ ഐ. ടി. സി.കളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ ദയനീയസ്ഥിതി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിൽ 232 ഐ. റ്റി. സി. കളിലായി 30,000 വിദ്യാർത്ഥികൾ പഠിച്ചു വരുന്നുണ്ട്. 6,000 ത്തോളം അദ്ധ്യാപകർ ഈ ഐ.റ്റി.സി. കളിൽ ജോലിചെയ്യുന്നുമുണ്ട്. ഗവൺമെൻറിൻെറ കീഴിലുള്ള ഐ. ടി. ഐ. കളിലുള്ള അതേ കോഴ്സുകളും അതേ പഠനരീതികളുമാണ് ഇവിടെയും നടത്തുന്നത്. എന്നാൽ ഐ. റ്റി. ഐ. കളിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തിൻെറ ചെറിയ ഒരംശംപോലും ഈ ഐ.റ്റി.സി.കളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല. അവരുടെ ജോലിക്ക് സ്ഥിരതയില്ല. സേവന വേതന വ്യവസ്ഥകൾ യാതൊന്നുമില്ല. അവരെ സർവ്വീസിൽ നിന്നും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. പിരിച്ചുവിട്ടാൽതന്നെ ഒരു നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നവുമില്ല. അങ്ങനെ ഇത്രയധികം അനിശ്ചിതത്വത്തിൽ അവരുടെ ജീവിതം നീങ്ങുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. നമ്മുടെ രാജ്യത്ത്, പരിഷ്ക്കൃതമായ ഈ കാലഘട്ടത്തിൽ എതെങ്കിലും മേഖലയിൽ, ഒരു കടയിൽ വിൽപ്പനയ്ക്ക് നിൽക്കുന്ന ആളുകൾക്കുപോലും, ഇത്രയും തുച്ഛമായ ശമ്പളം വാങ്ങുന്നവർ കാണുകയില്ല. 450 മുതൽ 500 രൂപ വരെയാണ് ശമ്പളവും അലവൻസുകളും കൂടിചേർത്ത് അവർക്ക് ലഭിക്കുന്നത്. മറ്റ് യാതൊരു ആനുകൂല്യങ്ങളും ഇല്ല. ഇന്ന് തുല്യ ജോലിക്ക് തുല്യ ശമ്പളം (വേതനം) എന്ന തത്വം അംഗീകരിച്ചിട്ടുള്ള നമ്മുടെ രാജ്യത്ത് ഐ. റ്റി. ഐ. കളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് കിട്ടുന്ന ശമ്പളവും സേവന-വേതന വ്യവസ്ഥകളും, സേവന-വേതന കമ്മങ്ങളും, ജോലി സ്ഥിരതയും എല്ലാം അവർക്കും കിട്ടാൻ അർഹതയുള്ളവരാണ്. ഗവൺമെൻറ് ഇക്കാര്യത്തിൽ യാതൊരു താല്പര്യവും എടുക്കുന്നില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും തുല്യ ജോലിക്ക് തുല്യ വേതനമെന്ന തത്വം അംഗീകരിച്ചുകൊണ്ട് ഐ. റ്റി. ഐ. കളിലുള്ള അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റ് സേവന-വേതന വ്യവസ്ഥകളും ജോലി സ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ഗവൺമെൻറ് ഉടനടി എടുക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഇത് കേന്ദ്രഗവൺമെൻറിൻെറ കീഴിൽ നടക്കുന്ന എൻ.സി.ഇ. ആർ. ടിയുടെ നിർദ്ദേശാനുസരണം, അവരുടെ നിയന്ത്രണത്തിൽ നടക്കുന്ന ഒരു സ്ഥാപനമാണ്. അതിൻെറ അഡ്മിനിസ്ട്രേറീവ് കൺട്രോൾ മാത്രമാണ് ഗവൺമെൻറിനുള്ളത്. ഗവൺമെൻറ് അവിടത്തെ ട്രെയിനിംഗിൻെറ ഗുണനിലവാരം ഉയർത്തുക, വിദ്യാഭ്യാസം പരിഷ്കരിക്കുക, അവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുക ഇതൊക്കെയാണ് പ്രധാനമായും ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾക്ക് ഗവൺമെൻറിൽനിന്ന് യാതൊരു ധനസഹായവും നൽകുന്നില്ല. അവരുടെ അപ്പോയിൻറ്മെൻറ്, അവരുടെ ശമ്പളം എന്നീ കാര്യങ്ങളിൽ ഗവൺമെൻറിന് ഇടപെടാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ ഇടപെടാൻ ഗവൺമെൻറ് തീരുമാനിച്ചാൽ സഹകാര്യ വിദ്യാലയരംഗത്ത് ഇടപെടുകയും അവസാനം അവർക്ക് ഗവൺമെൻറ് ശമ്പളം കൊടുക്കുകയും ചെയ്യേണ്ട ഒരു സ്ഥിതിഗതി ഉണ്ടാകും. അത് ഗവൺമെൻറിൻെറ ഒരു സാമ്പത്തിക പ്രശ്നമാണ്. അതിന് തയ്യാറുണ്ടെങ്കിൽ ഈ നിർദ്ദേശങ്ങളെല്ലാം നല്ലതായിരിക്കും. അല്ലാത്ത പരിതസ്ഥിതിയിൽ ഇപ്പോഴത്തെ നിലവിലിരിക്കുന്ന നിയമത്തിന് അതീതമായി ഈ മേഖലയിൽ ഗവൺമെൻറ് ഇടപെടുന്നത് ഭംഗിയായിരിക്കുകയില്ല. എങ്കിലും മാനേജുമെൻറിൻെറ കോൺഫറൻസുകൾ കൂടക്കൂടെ വിളിച്ചുകൂട്ടി അവരുടെ സേവന വ്യവസ്ഥകളൊക്കെ ന്യായമായി നടത്തണമെന്ന് ഗവൺമെൻറ് പ്രേരണ ചെലുത്താറുണ്ട്.

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമത് റിപ്പോർട്ട് ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ടു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കമാൻഡ് ഏരിയാ വികസന ബിൽ

Law and Irrigation Minister (**Shri K. M. Mani**) : Sir, I move that the Kerala Command Areas Development Bill, 1986, as reported by the Subject Committee be taken into consideration.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. എം. മാണി : സർ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ചെയ്ത ബിൽ ഞങ്ങളും മൂന്നു പ്രാവശ്യം സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നുകൊണ്ട് ബില്ലിലെ എല്ലാ വ്യവസ്ഥകളും വളരെ ഗൗരവമായി

LIBRARY ARCHIVES Kerala Legislative Assembly